## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2063

04-11-2019 ൽ മറുപടിയ്ക്ക്

## വാണിജ്യസ്ഥാപനങ്ങളിലെ അഗ്നിസുരക്ഷാ സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.എം.ഷാജി**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.അബ്ദുൽ ഹമീദ് പി.** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) സംസ്ഥാനത്തെ വാണിജ്യ സ്ഥാപനങ്ങളിൽ തുടർച്ചയായി അഗ്നിബാധ ഉണ്ടാകുന്നതിന്റെ അടിസ്ഥാനത്തിൽ അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താത്ത കെട്ടിടങ്ങൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തെ വാണിജ്യ സ്ഥാപനങ്ങളിൽ തുടർച്ചയായി അഗ്നിബാധ ഉണ്ടാകുന്നതിന്റെ അടിസ്ഥാനത്തിൽ ഫയർ ഓഡിറ്റ് നടത്തുന്നുണ്ട്. പല വാണിജ്യ സ്ഥാപനങ്ങളും നിയമപരമായി ഒരുക്കേണ്ട സുരക്ഷ സംവിധാനങ്ങൾ പോലും ഒരുക്കിയിട്ടില്ലായെന്നും, ചില സ്ഥാപനങ്ങളിൽ സുരക്ഷ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും അത് മതിയായ രീതിയിൽ അറ്റകുറ്റപ്പണി ചെയ്യാത്തതിനാൽ പ്രവർത്തന രഹിതമാണെന്നും കണ്ടെത്തുകയുണ്ടായി. നിയമപരമായ സുരക്ഷാ സംവിധാനങ്ങൾ വാണിജ്യ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുന്നതിനായി ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് നൽകിയിട്ടും സുരക്ഷാ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങൾക്ക് എതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ജില്ല ദുരന്ത നിവാരണ അതോറിറ്റിക്കും കത്ത് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയ പല കെട്ടിടങ്ങളിലും അവ പ്രവർത്തനക്ഷമമല്ലെന്ന പരാതികൾ പരിശോധിച്ചിട്ടുണ്ടോ യെന്ന് അറിയിക്കാമോ; | ബി) | സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലെ വാണിജ്യ സ്ഥാപനങ്ങളിൽ തുടർച്ചയായി അഗ്നിബാധ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ അഗ്നിരക്ഷാ വകുപ്പ് അഗ്നിസുരക്ഷാ സംവിധാനം ഒരുക്കേണ്ട കെട്ടിടങ്ങളിൽ ആയത് ഒരുക്കിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ കാലപ്പഴക്കം കാരണം പ്രവർത്തന രഹിതമായ അഗ്നി രക്ഷാ ഉപകരണങ്ങൾ കണ്ടെത്തുകയും ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയത് അടിയന്തിരമായി കാലികമാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. |
| സി) | അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിവരിക്കുമോ? | സി) | അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത കെട്ടിട ഉടമകൾക്കെതിരെ നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് നൽകിയിട്ടും അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത കെട്ടിട ഉടമകൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്കും റിപ്പോർട്ട് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ